**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2052   18.07.2016 – ൽ മറുപടിക്ക്**

**നിയമസഭാ മണ്ഡലത്തിന് ഒരു പൊതു മരാമത്ത് സെക്ഷൻ ഓഫീസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ഒരു നിയമസഭാ മണ്ഡലത്തിന് ഒരു പൊതു മരാമത്ത് സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. ഒരു നിയമസഭാ മണ്ഡലത്തിന് ഒരു സെക്ഷൻ ഓഫീസ് എങ്കിലും വേണം എന്ന മാനദണ്ഡം നടപ്പിലാക്കുവാൻ ഗവൺമെന്റ്, ജി.ഒ (എം.എസ്) നം.65/2013/ പൊ.മ.വ തീയതി 03.08.2013 പ്രകാരം ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് നടപ്പാക്കുന്നതിന് മുന്നോടിയായി നിയമസഭാ സാമാജികർക്ക് വർക് ഷോപ്പ് സംഘടിപ്പിച്ചിരുന്നുവോ ; | (ബി) | 26.06.2012-ൽ നിയമസഭാ സാമാജികർക്കായി ഒരു സെമിനാർ നടത്തിയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | ആലപ്പുഴ, മൂവാറ്റുപുഴ, വയനാട്, കാസർഗോഡ് എന്നീ ഡിവിഷനുകളിലെ സെക്ഷൻ ഓഫീസുകൾ ഇല്ലാതാക്കി പട്ടാമ്പി, തവനൂർ, വേങ്ങര, വള്ളിക്കുന്ന്, താനൂർ, ഏറനാട്, ധർമ്മടം, കളമശ്ശേരി എന്നീ നിയമസഭാ മണ്ഡലങ്ങളിൽ സെക്ഷൻ ഓഫീസുകൾ തുടങ്ങുവാനാണ് ഉത്തരവായത്. എന്നാൽ സെക്ഷൻ ഓഫീസുകൾ ഇല്ലാതാകുന്ന നിയമസഭാ മണ്ഡലങ്ങളിലെ സാമാജികരുടെയും പൊതുജനങ്ങളുടെയും ശക്തമായ പ്രതിഷേധം മൂലമാണ് പുതിയ സെക്ഷൻ ഓഫീസുകൾ നടപ്പിലാക്കുവാൻ കഴിയാതിരുന്നത്. ഇതിൽ കളമശ്ശേരിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുകയുണ്ടായി. |

സെക്ഷൻ ഓഫീസർ